പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : * 283

18.02.2013—ൽ മറുപടിക്ക്

## ക്ഷീര മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ.വിജയൻ :<br>ശ്രീ. സി.ദിവാകരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. ജി.എസ്.ജയലാൽ: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർ കൂട്ടത്തോടെ വളർത്തു മൃഗങ്ങളെ വിൽക്കുന്നത് ക്ഷീര മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കാലിത്തീറ്റ, പിണ്ണാക്ക്, വൈക്കോൽ, തീറ്റപ്പുല്ല് എന്നിവയുടെ അമിതവില വർദ്ധനവും, പാലിനു ന്യായമായ വില ലഭിക്കാത്തതും ക്ഷീര കർഷകരെ തൊഴിൽ ഉപേക്ഷിക്കുന്നതിനു പ്രേരിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധിയിൽ നിന്നും ക്ഷീരകർകരെ രക്ഷിച്ച് ക്ഷീരമേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിന് എന്തു നടപടികളാണു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ? | (ബി) കാലിത്തീറ്റ, പിണ്ണാക്ക്, വൈക്കോൽ, തീറ്റപ്പുല്ല് എന്നിവയുടെ വിലവർദ്ധനവ്മൂലം തീറ്റ ചെലവ് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കർഷകർ ഈ മേഖലയിൽ നിന്നും പിൻമാറാനുള്ള സാദ്ധ്യത ഉണ്ട്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി പാൽ വില വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കുകയും കാലി ത്തീറ്റക്ക് സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്. ഉല്പാദനചെലവ് കറയ്ക്കുന്നതിന് തീറ്റപ്പുൽ കൃഷിയ്ക്ക് സബ്സിഡി, കറവയന്ത്രം വാങ്ങുന്നതിനും മറ്റ് ഫാം ഉപകരണങ്ങൾ വാങ്ങുന്നതിനും സബ്സിഡി, ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി, ക്ഷീര കർഷക ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയ നടപടികൾ ക്ഷീര കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിന് ഉദ്ദേശിച്ചു ള്ളതാണ്.<br>ഇതിനു പുറമെ മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളിൽ, തിരുവനന്തപുരം യൂണിയൻ 1/11/2012 മുതൽ കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 200 രൂപയും 1/1/2013 മുതൽ 300 രൂപയും മലബാർ യൂണിയൻ ചാക്കൊന്നിന് 200 രൂപയും സബ്സിഡിയായി നൽകിവരുന്നു. |

എറണാകുളം മേഖലാ യൂണിയൻ ഓരോ ലിറ്റർ പാലിനും 2 രൂപ വീതം കാലിത്തീറ്റ സബ്സിഡിയായി നൽകിവരുന്നു. കാലിത്തീറ്റ വില വർദ്ധന തടയുന്നതിനായി കേരള ഫീഡ്സ് 50 കിലോ ചാക്കൊന്നിന് 75 രൂപ വിലക്കുറവിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

കൂടാതെ ക്ഷീരകർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിന് കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പാലി ന്റെ ഉല്പ്പാദനവും സംഭരണവും വർദ്ധിപ്പിക്കുവാൻ വിവിധ പദ്ധതികൾ മിൽമ നടപ്പിലാക്കിവരുന്നു. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ